(ബി) ഇവ ഏതൊക്കെ, ഇവയ്ക്കെല്ലാംകൂടി എന്തു വാടകകൊടുക്കുന്നുണ്ട്;

(സി) ഏറ്റവും കൂടുതൽ വാടക കൊടുക്കുന്ന കെട്ടിടം ഏവിടെ, ആരുടേത്; എന്തു വാടക കൊടുക്കുന്നു?

ഉത്തരം

(എ) 81 സ്കൂളുകളും.

(ബി) സ്കൂളുകളുടെ വിവരം ശേഖരിച്ചുവരുന്നു. ഇവയ്ക്കെല്ലാം കൂടി മാസംതോറും 9849 രൂപ വാടക കൊടുക്കുന്നു.

(സി) ഏറ്റവും കൂടുതൽ വാടക കൊടുക്കുന്നത് പട്ടക്കാടു ഗവൺമെൻറ് യു. പി. എസ്. കെട്ടിടത്തിനാണ്. ഈ കെട്ടിടം ശ്രീ. സി. കണ്ണൻ നായരുടെതാണ്. ഇതിനു മാസംതോറും 670 രൂപ വാടക കൊടുക്കുന്നുണ്ട്.

സ്ഥലം മാറ ഉത്തരവ്

1308 [2091]. ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടറ് എഡ്യൂക്കേഷണൽ ആഫീസറുടെ 31-8-1978-ലെ എ. 6-18056/78 നമ്പർ ഉത്തരവിൽ പറഞ്ഞിട്ടുള്ള എല്ലാപേർക്കും സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആർക്കെല്ലാം ആണ് ഇനി സ്ഥലം മാറ്റം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് സ്ഥലം മാറ്റം ലഭിച്ചിട്ടില്ലാത്തവർ സ്ഥലംമാറ്റ ഉത്തരവിനുവേണ്ടി ഇനിയും എത്രനാൾ കാത്തിരിക്കണം;

(സി) ഈ ഉത്തരവനുസരിച്ച് എല്ലാപേർക്കും സ്ഥലം മാറ്റം നൽകാതിരിക്കെ ഇതിനുശേഷം വന്ന ഉത്തരവനുസരിച്ച് എത്ര പേരെ സ്ഥലം മാറ്റിയിട്ടുണ്ട്?

ഉത്തരം

(എ) പ്രസ്തുത ഉത്തരവ് പ്രകാരം 17 അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്.

അതിൽ ശ്രീമതി കെ. കമലാക്ഷിക്ക് (ബി.ടി.എസ്സ്സ്. ആറ്റിങ്ങൽ) കന്യാകുളങ്ങര ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റം നൽകിയെങ്കിലും ആ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചില്ല.

(ബി, സി) പ്രസ്തുത ഉത്തരവനുസരിച്ച് എല്ലാപേർക്കും സ്ഥലം മാറ്റം കൊടുത്തിട്ടുണ്ട്. എന്നാൽ ഒരാൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

മലയാളം വിദ്വാൻ പാസ്സായ ടി.ടി.സി. അദ്ധ്യാപകർക്ക് പ്രമോഷൻ

1309 [2092] ശ്രീ. സിറിയക്ക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം വിദ്വാൻ പാസ്സായ ടി. ടി. സി. അദ്ധ്യാപകർക്ക് ഹൈസ്കൂളുകളിലേക്ക് പ്രമോഷനു അർഹതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly